# പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4918 04/07/2012 - ൽ മറുപടിക്ക്

## മത്സ്യവിൽപനയിലൂടെ ലഭിയ്ക്കുന്ന വരുമാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ:<br>,, സി. കെ. നാണു:<br>,, മാത്യു റ്റി. തോമസ്: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മത്സ്യബന്ധന മേഖലയിൽ മത്സ്യവില്പനയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ ഭൂരിഭാഗവും മത്സ്യത്തൊഴിലാളികൾക്കു തന്നെ ലഭിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) വിവിധ മേഖലകളിൽ നിന്നും ലഭിക്കുന്ന വരുമാനം സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനാണ് ഉപയോഗിക്കുന്നത്. ഇപ്പോൾ തന്നെ മത്സ്യബന്ധന മേഖലയിൽ നിന്നും ലഭിക്കുന്നതിനേക്കാൾ കൂടുതൽ തുക മത്സ്യത്തൊഴിലാളികളുടെ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കുന്നുണ്ട്. |
| (ബി) മത്സ്യത്തൊഴിലാളി മേഖലയിൽ സഹകരണ അടിസ്ഥാനത്തിൽ ഐസ് പ്ലാന്റ് സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) ഐസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നിലവിലില്ല. |
| (സി) മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ സബ്സിഡി നിരക്കിൽ നൽകുന്നുണ്ടോ; | (സി) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി വിതരണം ചെയ്യുവാൻ പ്രത്യേക മണ്ണെണ്ണ ക്വാട്ട കേന്ദ്രം സംസ്ഥാനത്തിന് അനുവദിക്കുന്നില്ല. എന്നാൽ പാചകത്തിനും വിളക്ക് തെളിയിക്കുന്നതിനുമായി പൊതു വിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുവാൻ സംസ്ഥാനത്തിന് അനുവദിച്ച് നൽകുന്നതിൽ നിന്നും സംസ്ഥാന |

സർക്കാർ മത്സ്യമേഖലയ്ക്കായി പ്രതി മാസം 2532 കിലോ ലിറ്റർ മണ്ണെണ്ണ അനുവദിച്ച് നൽകി വരുന്നു.

(ഡി) ഉണ്ടെങ്കിൽ എത്ര രൂപയാണ് ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് ഈടാക്കുന്നത്;

(ഡി) ലിറ്ററൊന്നിന് 14 രൂപ 50 പൈസയാണ് ഈടാക്കുന്നത്.

(ഇ) മത്സ്യത്തൊഴിലാളികൾ തൊഴിലിൽ ഏർപ്പെടുന്ന സമയത്ത് മരണപ്പെട്ടാൽ അവരുടെ കുടുംബത്തിന് ഏതെല്ലാം തരത്തിലുള്ള സർക്കാർ സഹായമാണ് നൽകുന്നതെന്ന് വിശദമാക്കാമോ ?

(ഇ) മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള മത്സ്യത്തൊഴിലാളിയ്ക്ക് അപകട മരണം സംഭവിച്ചാൽ ആശ്രിതർക്ക് മൂന്ന് ലക്ഷം രൂപ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതാണ്. മത്സ്യഫെഡിന്റെ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന സമയത്ത് ഹൃദ്രോഗം മൂലം മരണപ്പെട്ടാൽ ആശ്രിതർക്ക് ചെയർമാന്റെ ദുരിതാശ്വാസനിധിയിൽ നിന്നും ഒരു ലക്ഷം രൂപ നിബന്ധനകൾക്ക് വിധേയമായി നൽകുന്നുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം മത്സ്യബന്ധനത്തിനിടയിൽ കാണാതാകൽ, അപകട മരണം, അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത എന്നിവയ്ക്ക് 3 ലക്ഷം രൂപയും അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 1.5 ലക്ഷം രൂപയും മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് പരമാവധി 10000 രൂപയും ശവസംസ്കാര ചടങ്ങുകളുടെ ചെലവിന് 2000 രൂപയും വിധവാ പെൻഷന് അപേക്ഷ സമർപ്പി

ക്കുന്ന മുറയ്ക്ക് പ്രതിമാസം 400 രൂപയും നൽകുന്നു. കൂടാതെ മത്സ്യ ബന്ധനത്തിനിടയിൽ അപകടം കൊണ്ട ല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളിക ളുടെ ആശ്രിതർക്ക് ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതിപ്രകാരം 20000 രൂപയും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ